നമ്പർ : ICPS 2/31624/2014

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 07/07/2016

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ് : ഐ.സി.പി.എസ് :- അസിസ്റ്റന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് - അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച്.

പരാമർശം : (1) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 18/09/2015-ലെ 2573/05/LA1/2015/Kescpcr നമ്പർ ഉത്തരവ്.

(2) സാമൂഹ്യ നീതി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി സുന്ദരി.സി-യുടെ 18.04.2016-ലെ അന്വേഷണ റിപ്പോർട്ട്.

സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഒബ്സർവേഷൻ ഹോമുകൾ ബാലസൗഹാർദ്ദപരമാണെന്ന് ഉറപ്പുവരുത്തണമെന്ന് സൂചന ഒന്ന് പ്രകാരം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ കെയർടേക്കർമാരുടെ തസ്തിക ഒഴിവുള്ളപ്പോൾ അവിടെ നാലിൽ കൂടുതൽ കുട്ടികളെ താമസിപ്പിക്കുന്ന ദിവസങ്ങളിൽ കുട്ടികളുടെ പൊതുവായ സുരക്ഷയ്ക്കു വേണ്ടിയും വൈകുന്നേരങ്ങളിൽ കുട്ടികളെ കളിക്കാനായി കെട്ടിടത്തിനു പുറത്ത് വിടുന്നതിനു വേണ്ടിയും മേൽനോട്ടത്തിനുമായി സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തിരം ഒരു മൾട്ടി ടാസ്ക് വർക്കറെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

1. എല്ലാ ചിൽഡ്രൻസ്/ഒബ്സർവേഷൻ ഹോം സൂപ്രണ്ടുമാർക്കും
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ